**സബ്മിഷൻ**

## കുടിയൊഴിപ്പിക്കുന്ന വ്യാപാരികളുടെ പുനരധിവാസം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കൊച്ചി മെട്രോ റെയിൽ പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കുന്ന വ്യാപാരികളിൽ ഒരു വിഭാഗത്തിന് ആകർഷകമായ പുനരധിവാസ പാക്കേജാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത പാക്കേജ് പ്രഖ്യാപിക്കുന്നതിനുമുമ്പായി കുടിയൊഴിപ്പിക്കപ്പെട്ട വ്യാപാരികൾകൾക്ക് നാമമാത്രമായ തുകയേ നൽകിയിട്ടുള്ളൂ. മെട്രോ റെയിലിന്റെ ഭാഗമായി ബാനർജി റോഡ് നോർത്ത് ഓവർ ബ്രിഡ്ജ് പുനർനിർമ്മിച്ച് നാലുവരിയാക്കുന്നതിനും അതോടൊപ്പം ബാനർജി റോഡ് വികസിപ്പിക്കുന്നതിനുമായി ആ പ്രദേശത്തെ 54 വ്യാപാരികളെയാണ് ഒഴിപ്പിച്ചത്. ഇവർക്കാണ് ഏറ്റവും കുറഞ്ഞ നഷ്ടപരിഹാരം ലഭിച്ചത്. ഇവർക്കുകൂടി ആകർഷകമായ പുനരധിവാസ പാക്കേജ് നടപ്പാക്കാമെന്ന് സർക്കാർ ഉറപ്പുനൽകിയതാണ്. എന്നാൽ അന്നുനൽകിയ ഉറപ്പിന് കടകവിരുദ്ധമായ നടപടിയാണ് പിന്നീട് അധികൃതർ എടുത്തുകൊണ്ടിരിക്കുന്നത്. ഇപ്രകാരം ഒഴിപ്പിക്കപ്പെട്ട വ്യാപാരികൾ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ലാതെ ഉപജീവനത്തിനായി നിർമ്മാണത്തൊഴിലാളികളായും കൂലിവേലക്കാരായും മാറിയിട്ടുണ്ട്. ഇവരുടെ കഷ്ടസ്ഥിതി മനസ്സിലാക്കി സർക്കാർ പ്രഖ്യാപിച്ച

ആകർഷകമായ പുനരധിവാസ പാക്കേജ് ഇവർക്കുകൂടി നടപ്പിലാക്കണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

മെട്രോ റെയിലിന്റെ ആകർഷകമായ പാക്കേജ് ദുരുപയോഗം ചെയ്ത് ആവശ്യത്തിലധികം സ്ഥലം വിട്ടുകൊടുക്കുവാൻ കെട്ടിടം ഉടമകൾ തയ്യാറാകുന്ന ഒരു പ്രവണതയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. പദ്ധതിയുടെ ആവശ്യത്തിനുള്ള സ്ഥലം മാത്രമേ എടുക്കുകയുള്ളൂ എന്നുള്ള സർക്കാരിന്റെ നയപ്രഖ്യാപനം കാറ്റിൽ പറത്തിക്കൊണ്ട് ആവശ്യത്തിലധികം സ്ഥലം ഏറ്റെടുക്കുന്ന നടപടികളാണ് ഇപ്പോൾ നടന്നുവരുന്നത്. അതുമൂലം വർഷങ്ങളായി വ്യാപാരം ചെയ്തുവരുന്ന പാവപ്പെട്ട വ്യാപാരികളെ അനാവശ്യമായി കുടിയൊഴിപ്പിക്കുന്ന സ്ഥിതിയും നിലവിലുണ്ട്. ആയതിനാൽ പദ്ധതിക്ക് ആവശ്യമുള്ളതിൽ കൂടുതൽ സ്ഥലം ഏറ്റെടുക്കാനുള്ള പ്രവണത ഉടൻ അവസാനിപ്പിക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ചത് പരിഗണിക്കേണ്ട ഒരു പ്രശ്നം തന്നെയാണ്. ഒഴിപ്പിച്ച ആളുകൾക്കൊക്കെ കാര്യമായിട്ടുള്ള നഷ്ടപരിഹാരം നൽകിയിട്ടില്ല എന്നത് ശരിയാണ്. Right to Fair Compensation and Transparency in Land

Acquisition, Rehabilitation and Re-settlement Act (LARRA) 2013 -ലാണ് സെൻട്രൽ ഗവൺമെന്റ് പാസ്സാക്കിയത്. അതിനു മുൻപത്തെ ആളുകൾക്ക് ഇതനുസരിച്ചുള്ള നഷ്ടപരിഹാരം കൊടുത്തിട്ടില്ല. ഈ ആക്ട് അനുസരിച്ചുള്ള നഷ്ടപരിഹാരത്തിന് അവർക്ക് അർഹതയുണ്ട്. അത് നൽകണമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. നോർത്ത് ഓവർബ്രിഡ്ജിന്റെ താഴെ ജോലി ചെയ്തിരുന്ന ആളുകളെ ഈ ആക്ട് നിലവിൽ വരുന്നതിനുമുമ്പുതന്നെ ഒഴിവാക്കിയ താണ്. അതുപോലെ തന്നെയാണ് ബാനർജി റോഡിലുള്ളവരുടെയും പച്ചാളം ബ്രിഡ്ജിലുള്ളവരുടെയും കാര്യം. ഈ വിഷയം ശ്രീ. ബെന്നി ബെഹനാൻ, ശ്രീ. ഹൈബി ഈഡൻ ഇന്നിവർ സൂചിപ്പിക്കുകയും നിവേദനം നൽകിയിട്ടുമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ചത് വളരെ ന്യായമായ കാര്യമാണ്. ഇക്കാര്യത്തിൽ ഈ ആക്ട് അനുസരിച്ച് ചെയ്യുന്നത് സ്ഥലം ഉടമയ്ക്ക് വേറെ വരുമാന മാർഗ്ഗങ്ങളില്ലെങ്കിൽ ഉടമയുടെ നഷ്ടപരിഹാരത്തിനു പുറമേ 5 ലക്ഷം രൂപ നൽകും. ഇത് ബാക്കിയുള്ളവർക്ക് ഇല്ലാത്ത ഒരു ആനുകൂല്യമാണ്. ഇതിനുപുറമേ അവിടെ കച്ചവടം ചെയ്യുന്ന ചെറിയ കച്ചവടക്കാരെ ഒഴിപ്പിക്കുകയാണെങ്കിൽ അവർക്ക് 5

ലക്ഷം രൂപയും, കട മാറ്റിവയ്ക്കാനാണെങ്കിൽ 1,36,000/- രൂപയും നൽകും. തുക ലഭിക്കാത്ത ആളുകൾക്ക് അത് നൽകും. ഇതിനൊക്കെ പുറമേ റവന്യൂ പുറമ്പോക്കായി കിടക്കുന്ന സ്ഥലത്ത് സമ്മതം കൂടാതെ ചെറിയ പെട്ടിക്കട നടത്തുന്ന ആളാണെങ്കിൽ, ആ ആൾക്കും, ഒന്നോ രണ്ടോ പശുക്കളെ കൊണ്ടുവന്ന് അവിടെ മേയ്ക്കുന്നതാണെങ്കിൽ അവർക്കും 25,000/- രൂപ വീതം കൊടുക്കാനുള്ള നടപടികൾ കൈക്കൊള്ളും. അങ്ങ് ഉന്നയിച്ച രണ്ടാമത്തെ കാര്യം, ഒരു വ്യക്തിയുടെ സ്ഥലം എടുക്കുമ്പോൾ അദ്ദേഹത്തിന്റെ കൈവശത്തിലുള്ള മുഴുവൻ സ്ഥലവും ആവശ്യത്തേക്കാൾ കൂടുതൽ എടുക്കുന്നു എന്നുള്ളതാണ്. ഒരു ഏക്കർ പത്ത് സെന്റുള്ള ഒരാളുടെ സ്ഥലം എടുക്കുമ്പോൾ ഒരേക്കർ സ്ഥലം മുൻഭാഗത്ത് എടുത്ത്, 10 സെന്റ് സ്ഥലം പിൻഭാഗത്ത് ബാക്കിവച്ചാൽ അതുകൊണ്ട് അദ്ദേഹത്തിന് പ്രയോജനമുണ്ടാകില്ല. അതുപോലെ, 40 സെന്റ് സ്ഥലമുള്ള ഒരാളുടെ 38 സെന്റ് സ്ഥലമെടുത്ത് 2 സെന്റ് സ്ഥലം മാത്രം ബാക്കിയാക്കിയാൽ അതുകൊണ്ടും അദ്ദേഹത്തിന് ബുദ്ധിമുട്ട് ഉണ്ടാകും. അത് പരിഗണിയ്ക്കണമെന്നൊരു തീരുമാനം നേരത്തേ ഉണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം അവിടെ കച്ചവടം ചെയ്യുന്ന

ആളുകളെ സംബന്ധിച്ചാണ്. അവിടെയിപ്പോൾ 10 കടകൾ ഉണ്ട്. അതിൽ 7 കടകൾ മാത്രമാണ് നമുക്ക് ആവശ്യമായിട്ടുള്ളത്, അത് എടുത്ത് ബാക്കി ഒഴിവാക്കണമെന്നാണ് അങ്ങ് ആവശ്യപ്പെട്ടിട്ടുള്ളത്, അതും പരിഗണിക്കേണ്ട കാര്യം തന്നെയാണ്. അതെങ്ങനെ പരിഹരിക്കും എന്നുള്ള കാര്യം ആലോചിക്കും, അത് പരിഹരിക്കേണ്ട പ്രധാനപ്പെട്ട കാര്യമായിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്. അത് പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

## കണ്ണമ്മൂല തോട്ടം, ആക്കുളം ജലാശയവും ശുചീകരിക്കൽ

ശ്രീ. എം. എ. വാഹീദ്: സർ, ഓപ്പറേഷൻ അനന്ത തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുവേണ്ടി നടത്തിയിരിക്കുന്ന വലിയ ജനകീയ പിൻതുണയുള്ള ഒരു പദ്ധതിയാണ്. ഇതിന്റെ ദോഷഫലങ്ങൾ മുഴുവൻ അനുഭവിക്കുന്നത് എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളാണ്. ആമയിഴഞ്ചാൻ തോട്ടിലേയും, കണ്ണമ്മൂല തോട്ടിലേയും മാലിന്യങ്ങൾ വന്നു പതിക്കുന്നത് ആക്കുളം ശുദ്ധജല തടാകത്തിലേക്കാണ്. ഓപ്പറേഷൻ അനന്ത വരുന്നതിനുമുൻപ് കുറേ മാലിന്യങ്ങൾ വരുമായിരുന്നു. ഇപ്പോൾ ഓപ്പറേഷൻ അനന്ത വന്നപ്പോൾ നഗരത്തിലെ മുഴുവൻ മാലിന്യങ്ങളും കണ്ണമ്മൂല പാലം മുതൽ ആക്കുളം ജലാശയം

വരെ കെട്ടിക്കിടക്കുകയാണ്. ജല നിർഗ്ഗമന മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ വെള്ളം കെട്ടിക്കിടന്ന് രോഗാണുക്കൾ പകരുന്ന സ്ഥിതിയാണ്. ഇങ്ങനെ കുറച്ചുദിവസം കൂടി പോവുകയാണെങ്കിൽ ആ പ്രദേശത്ത് പകർച്ചവ്യാധി ഉണ്ടാകുകയും, അത് നഗരം മുഴുവൻ വ്യാപിക്കാനും സാധ്യതയുള്ള അതിഗുരുതരമായ ഒരു സ്ഥിതി വിശേഷമാണ് എന്റെ നിയോജകമണ്ഡലത്തിലെ കണ്ണമ്മൂല പാലം മുതൽ ആക്കുളം ജലാശയം വരെയുള്ള കണ്ണമ്മൂല തോടിന്റെ ഭാഗമായിട്ടുള്ള സ്ഥലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഇരുകരയിലും തിങ്ങിഞെരുങ്ങി സാധാരണക്കാരാണ് താമസിക്കുന്നത്. രണ്ടോ മൂന്നോ പട്ടികജാതി കോളനി ഉൾപ്പെടെയുള്ള സ്ഥലങ്ങൾ ഈ കണ്ണമ്മൂല തോടിന്റെ പാലം മുതൽ ആക്കുളം ജലാശയം വരെയുള്ള ഭാഗത്ത് ഉണ്ട്. പാവപ്പെട്ട ആൾക്കാർ തിങ്ങിഞെരുങ്ങി താമസിക്കുന്ന സ്ഥലമാണ്. അവിടേക്ക് ഈ മാലിന്യങ്ങൾ മുഴുവൻ എത്തുകയും രോഗങ്ങൾ പടരുകയും ചെയ്താൽ നമുക്ക് പിടിച്ചാൽ നിൽക്കാൻ കഴിയാത്ത രീതിയിൽ തിരുവനന്തപുരം നഗരത്തിന്റെ എല്ലാ ഭാഗത്തും പകർച്ചവ്യാധി പടരാൻ സാധ്യതയുണ്ട്. ഓപ്പറേഷൻ അനന്തയുടെ ഭാഗമായിത്തന്നെ കണ്ണമ്മൂല തോടും, ആമയിഴഞ്ചാൻ തോടും ശുദ്ധീകരിക്കുന്നതിനും, ജല നിർഗ്ഗമന മാർഗ്ഗം വളരെ ശക്തിയാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അത് സംബന്ധിച്ച ഒരു പ്രഖ്യാപനം മന്ത്രി ഇവിടെ നടത്തും

എന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ഓപ്പറേഷൻ അനന്തയുടെ സൃഷ്ടാവ് ശ്രീ. മഞ്ഞളാംകുഴി അലി മന്ത്രിതന്നെയാണ്. ആ സൃഷ്ടാവ് തന്നെ ഇതിനാവശ്യമായ നടപടിയും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കണ്ണമ്മൂല തോട് വൃത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കി വരുന്ന ഓപ്പറേഷൻ അനന്തയുടെ ഭാഗമായി ഓടകളും, തോടുകളും വൃത്തിയാക്കിയപ്പോൾ ആമയിഴഞ്ചാൻ തോട്ടിലൂടെയും, കണ്ണമ്മൂല തോട്ടിലൂടെയും ഒഴുകിയെത്തിയ മാലിന്യങ്ങൾ കണ്ണമ്മൂല പാലം മുതൽ ആക്കുളം ജലാശയം വരെയുള്ള 3 കിലോമീറ്റർ ദൂരം വരുന്ന ഭാഗത്ത് അടിഞ്ഞുകൂടി ഒഴുക്ക് തടസ്സപ്പെട്ട് കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗരത്തിൽ നിന്നുള്ള മലിന ജലത്തിന്റെ ഒഴുക്ക് സുഗമമാക്കണമെങ്കിൽ മേല്പറഞ്ഞ തോടുകൾ കൂടി വൃത്തിയാക്കേണ്ടതുണ്ട്. ഇക്കാര്യം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുകയും കണ്ണമ്മൂല മുതൽ ആക്കുളം ജലാശയം വരെയുള്ള ഭാഗം ഓപ്പറേഷൻ അനന്തയുടെ ഭാഗമായി ശുചിയാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട

ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം ഉടൻ നൽകുന്നതാണ്.

**ഇരുപത്തിനാല് മണിക്കൂർ പോസ്റ്റുമോർട്ടം പ്രാവർത്തികമാക്കൽ**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത് മനസ്സില്ലാ മനസ്സോടെയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട എന്റെ ഏഴാമത്തെ സബ്മിഷനാണിത്. എന്റെ അവസാനത്തെ സബ്മിഷന് കഴിഞ്ഞ ഡിസംബറിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിൽ പറയുന്നത് 23-2-2013 -ലെ ഉത്തരവ് ഏറ്റവും വേഗത്തിൽ പ്രായോഗിക തലത്തിൽ വരുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമെന്ന് ഉറപ്പ് തരുന്നു എന്നാണ്. കൂടാതെ, അന്ന് മുഖ്യമന്ത്രി പറഞ്ഞു, ഇനി ബഹുമാനപ്പെട്ട അംഗത്തിന് ഇതുപോലൊരു സബ്മിഷൻ അവതരിപ്പിക്കാൻ അവസരം ഉണ്ടാകില്ല എന്ന്. പക്ഷേ എനിക്ക് ഇപ്പോഴും പ്രതീക്ഷ ഉണ്ട്, പ്രിയപ്പെട്ട ശ്രീ. ഉമ്മൻചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയാണെങ്കിൽ ഈ കാര്യം നടന്നിരിക്കുമെന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. കാരണം ജനങ്ങളുടെ നന്മക്ക് എന്താണോ തടസ്സം, ആ തടസ്സം നീക്കാനുള്ള ആർജ്ജവം നമ്മുടെ മുഖ്യമന്ത്രിക്ക് ഉണ്ട് എന്ന കാര്യത്തിൽ ആർക്കും ഒരു സംശയവുമില്ല. ഇനി ഹിമാലയ പർവ്വതമാണ് അദ്ദേഹത്തിന്റെ മുന്നിൽ വരുന്നതെങ്കിൽ, അതാണ് ജനങ്ങളുടെ നന്മക്ക്

തടസ്സമെങ്കിൽ, ആ ഹിമാലയ പർവ്വതം പോലും തകർക്കാനുള്ള ആർജ്ജവം നമ്മുടെ മുഖ്യമന്ത്രിക്ക് ഉണ്ട് എന്ന് എനിക്ക് നല്ലതുപോലെ അറിയാം. അതുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി തന്ന ഉറപ്പ് തീർച്ചയായും പാലിക്കപ്പെടും എന്നുതന്നെയാണ് എന്റെ വിശ്വാസം. ഇതിന് തടസ്സമായി നിൽക്കുന്നത് എന്തെന്ന് എനിക്ക് അറിയില്ല. ഒന്ന്, ബഹുമാനപ്പെട്ട ശ്രീ. രമേശ് ചെന്നിത്തല കൈകാര്യം ചെയ്യുന്ന ആഭ്യന്തര വകുപ്പിൽ നിന്ന് ജൂൺ 12-ാം തീയതി എനിക്ക് കിട്ടിയ ഒരു മറുപടി, "സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന, അപേക്ഷയുടെ പകർപ്പ് അടിയന്തര റിപ്പോർട്ടിനായി സംസ്ഥാന പോലീസ് മേധാവി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് അയച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ പരിശോധിച്ച് സത്വര നടപടി സ്വീകരിച്ച് വിവരം താങ്കളെ അറിയിക്കുന്നതാണ്" എന്നാണ്. ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്ന ഒരു കാര്യം, 24 മണിക്കൂർ പോസ്റ്റുമോർട്ടം നടപ്പിലാക്കണമെന്നത് മന്ത്രിസഭ എടുത്ത തീരുമാനമാണ്. ജൂൺ 10 -ാം തീയതി എന്റെ ഒരു ചോദ്യത്തിന് ആരോഗ്യവകുപ്പ് മന്ത്രി ശ്രീ. വി. എസ്. ശിവകുമാർ നൽകിയ മറുപടിയിൽ "ഇരുപത്തിനാലു മണിക്കൂറും പോസ്റ്റുമോർട്ടം നടത്തുന്നതിന്റെ ഭാഗമായി, രാത്രി കാലങ്ങളിൽ പോസ്റ്റുമോർട്ടം നടത്തുന്നതുസംബന്ധിച്ച് സർക്കാർ

ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ ഉത്തരവിൽ പറയുന്ന ഉപാധികൾ നടപ്പിലാക്കിക്കൊണ്ടും ഇതിനാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിക്കൊണ്ടും ഈ വിഷയം സംബന്ധിച്ച് നൽകിയിട്ടുള്ള ഉറപ്പ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്" എന്നാണ്. അതേസമയം ആഭ്യന്തര വകുപ്പിൽ നിന്ന് കിട്ടിയ മറുപടി "പരിശോധിച്ചു വരുന്നു" എന്നതാണ്. ഞാൻ മനസ്സിലാക്കിയത് 24 മണിക്കൂർ പോസ്റ്റുമോർട്ടം പ്രാവർത്തികമാക്കുന്നതിന് ചില അഡീഷണൽ പോസ്റ്റുകളുടെ ക്രിയേഷൻ വേണം. ധനകാര്യ വകുപ്പാണ് അതിന് അനുമതി നൽകേണ്ടത്. ധനകാര്യ വകുപ്പ് കൈകാര്യം ചെയ്യുന്നത് മാണി സാറാണ്, അദ്ദേഹം കാരുണ്യ ബനവലന്റ് സ്കീമിലൂടെ കേരളത്തിൽ മനുഷ്യത്വത്തിന്റെ പ്രതീകമായി മാറിയ ഒരാളാണ്. അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഈ കാര്യത്തിൽ തടസ്സമുണ്ടാകും എന്ന് ഞാൻ വിശ്വസിക്കുന്നില്ല. നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രിയും, ആഭ്യന്തര വകുപ്പുമന്ത്രിയും, ആരോഗ്യ വകുപ്പുമന്ത്രിയും ഒക്കെ മനസ്സുവച്ചാൽ ഈ കാര്യം എളുപ്പം നേടിയെടുക്കാൻ സാധിക്കും, ഇതിന് ഒരു നിയമതടസ്സവുമില്ല. നമ്മുടെ അടുത്ത സംസ്ഥാനമായ കർണ്ണാടകയിൽ 24 മണിക്കൂറും പോസ്റ്റുമോർട്ടം നടക്കുന്നുണ്ട്. മിനിഞ്ഞാന്ന് കാസർഗോഡുള്ള ഒരു യുവാവ് വാഹനാപകടത്തിൽ മരിച്ചപ്പോൾ, ആ യുവാവിന്റെ ജഡം പോസ്റ്റുമോർട്ടം ചെയ്തത് മംഗലാപുരത്തെ

ആശുപത്രിയിൽ രാത്രിയാണ്. അപ്പോൾ നിയമം ഒരു തടസ്സമല്ല. അതുകൊണ്ട് 24 മണിക്കൂർ പോസ്റ്റുമോർട്ടം കേരളത്തിൽ പ്രാബല്യത്തിൽ കൊണ്ടുവരണം, ഇനി ഒരു സബ്മിഷൻ കൊണ്ടുവരേണ്ടതില്ല, കാര്യം നടക്കുകയില്ല എന്നാണ് പറയുന്നത് എങ്കിൽ ഇനി ഞാൻ അതിന് മുതിരുകയില്ല, എന്ന കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ അവതരിപ്പിച്ച അദ്ദേഹത്തിന്റെ ഏഴാമത്തെ സബ്മിഷനും ഫലം കണ്ടില്ല എന്നിവിടെ പറഞ്ഞത് വളരെ വിഷമത്തോടുകൂടിയാണ് ഞാൻ കേട്ടത്. ആഭ്യന്തര വകുപ്പിനെ സംബന്ധിച്ചിട ത്തോളം ഇതിൽ യാതൊരു എതിർപ്പുമില്ല. ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായി നിയമവകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അംഗങ്ങളായി രൂപീകരിക്കപ്പെട്ട സമിതി ഫോറൻസിക് വിദഗ്ധൻമാരുമായും ആരോഗ്യ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ വിദഗ്ധൻ മാരുമായും കൂടിയാലോചിച്ച് തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലാണ് പകൽ വെളിച്ചത്തിന് സമാനമായ വെളിച്ചവും അനുബന്ധ അടിസ്ഥാന

സൗകര്യങ്ങളും ആവശ്യത്തിന് ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യ ഘട്ടമായും ജനറൽ ആശുപത്രികളിൽ അടുത്ത ഘട്ടമായും ജില്ലാ ആശുപത്രികളിൽ അന്തിമഘട്ടമായും രാത്രി പോസ്റ്റ്മോർട്ടം നടത്തുന്നതിന് 23-02-2013-ലെ 51/2013/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ മേൽപ്പറഞ്ഞ സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നതേയുള്ളൂ. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ആദ്യഘട്ടമായി എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും രാത്രികാല പോസ്റ്റുമോർട്ടത്തിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതാണ്. ഞാൻ ഇന്ന് ഹോം സെക്രട്ടറിയുമായി സംസാരിച്ചു. ഒരു മാസത്തിനുള്ളിൽ ഇതിന് ഒരു നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ മീറ്റിംഗ് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും വിളിച്ച് ചേർത്ത് ഒരു മാസത്തിനകം ഇത് നടപ്പിലാക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നുള്ള വിവരം ഞാൻ സഭയെ അറിയിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ഇവിടെ ആഭ്യന്തര വകുപ്പ് മന്ത്രി പറഞ്ഞതനുസരിച്ച് ജീവനക്കാരുടെ

കുറവുണ്ട്. അത് പരിഹരിക്കുന്നതിനു വേണ്ടിയിട്ടുള്ള ഒരു പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ കീഴിലാണ്. ഉടൻ തന്നെ അതിലേയ്ക്ക് വേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

## പാസ്പോർട്ട് അപേക്ഷകർ നേരിടുന്ന ബുദ്ധിമുട്ട്

ശ്രീ. പി. ഉബൈദുള്ള: പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിലുള്ള കാലതാമസംമൂലം പാസ്പോർട്ട് അപേക്ഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനും പാസ്പോർട്ട് ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കേണ്ടതിന്റെ ആവശ്യകതയും ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയുടേയും ഈ സഭയുടേയും ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് പാസ്പോർട്ടിന് അപേക്ഷ സമർപ്പിച്ച നിരവധി ആളുകൾ കൃത്യ സമയത്ത് പാസ്പോർട്ട് ലഭിക്കാതെ പ്രയാസം അനുഭവിക്കുകയാണ്. പാസ്പോർട്ടിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് സേവാകേന്ദ്രങ്ങൾ വഴിയാക്കിയതുകൊണ്ട് ഇപ്പോൾ പാസ്പോർട്ട് ഓഫീസുകളിലെ തിരക്ക് ഒരു പരിധിവരെ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. പാസ്പോർട്ട് എളുപ്പത്തിൽ ലഭ്യമാക്കാൻ സേവാകേന്ദ്രത്തിന്റെ സേവനംകൊണ്ട് മാത്രം സാധ്യമല്ല. തത്ക്കാൽ

അപേക്ഷകളിൽ ഒരു ദിവസത്തിനകവും സാധാരണ അപേക്ഷകളിൽ 20 ദിവസത്തിനകവും പാസ്പോർട്ട് നൽകണമെന്നാണ് നിലവിലെ വ്യവസ്ഥ. എന്നാൽ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടുകൾ കൃത്യസമയത്ത് പാസ്പോർട്ട് ഓഫീസുകളിൽ എത്തിക്കാത്തതുകൊണ്ട് മാസങ്ങളോളം കാത്തിരിക്കേണ്ടതായി വരികയാണ്. ഇതുമൂലം പലർക്കും വിദേശത്ത് ജോലി സാധ്യത നഷ്ടപ്പെട്ട അനുഭവം വരെ നമ്മുടെ മുമ്പിലുണ്ട്. വിദേശകാര്യ വകുപ്പിന് കേരളത്തിൽ ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന മലപ്പുറം പാസ്പോർട്ട് ഓഫീസിൽ മാത്രം 28000-ൽപ്പരം അപേക്ഷകൾ പെന്റിംഗിലാണ്. ശരാശരി 1400 അപേക്ഷകൾ ദിവസേന പാസ്പോർട്ട് ആഫീസുകളിൽ നിന്നും വെരിഫിക്കേഷനുവേണ്ടി ജില്ലാ പോലീസ് ഹെഡ്ക്വാർട്ടേഴ്സ് ആഫീസിലേയ്ക്ക് അയയ്ക്കുന്നുണ്ട്. അപേക്ഷകൾ നേരത്തെ ബണ്ടിലുകളായാണ് അയച്ചിരുന്നതെങ്കിൽ ഇപ്പോൾ ഓൺലൈനാക്കിയിട്ടും കാര്യങ്ങൾ എളുപ്പമാകുന്നില്ല. ഞാൻ ഈ വിഷയം അവതരിപ്പിക്കുമ്പോൾ എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് കാസർഗോഡ് എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ചത് കാസർഗോഡ് പാസ്പോർട്ട് ഓഫീസിലും ഇതേ അനുഭവമാണ് ഉള്ളതെന്നാണ്.

സംസ്ഥാനത്തെ മൊത്തം പാസ്സ്പോർട്ട് ഓഫീസുകളിലും ഇങ്ങനെ വെരിഫിക്കേഷൻ റിപ്പോർട്ട് വൈകുന്നതുകൊണ്ട് പാസ്സ്പോർട്ട് അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. പോലീസ് അന്വേഷണം കഴിഞ്ഞ് വിവരം ഓൺലൈൻ വഴി അപ്‌ലോഡ് ചെയ്താൽ ഉടൻ തന്നെ പ്രിന്റ്ക്യൂവിൽ പാസ്സ്പോർട്ട് നമ്പർ ലഭിക്കുകയും രണ്ട് ദിവസത്തിനകം പാസ്സ്പോർട്ട് നൽകാൻ സാധിക്കുകയും ചെയ്യും. എന്നാൽ വെരിഫിക്കേഷൻ കൃത്യ സമയത്ത് പൂർത്തീകരിച്ച് റിപ്പോർട്ട് എത്തിക്കുന്നില്ലായെന്നതാണ് ഇവിടെ പ്രശ്നം സൃഷ്ടിക്കുന്നത്. ഇപ്പോൾ വിദ്യാർത്ഥികളാണ് പാസ്സ്പോർട്ടിന് അപേക്ഷിച്ചിരിക്കുന്നതെങ്കിൽ പാസ്സ്പോർട്ട് എൻക്വയറി ഉദ്യോഗസ്ഥൻ വീട്ടിൽ വരുമ്പോൾ അവർ ദൂരസ്ഥലങ്ങളിൽ പഠിക്കാൻ പോയിട്ടുള്ള കാരണത്താൽ അത്തരം കുട്ടികൾക്ക് പാസ്സ്പോർട്ട് നിഷേധിക്കപ്പെടുന്ന ഒരവസ്ഥ നിലവിലുണ്ട്. അതുപോലെ ഈ അന്വേഷണ ഉദ്യോഗസ്ഥൻ വീട്ടിൽ വരുന്ന സമയത്ത് മറ്റ് ജില്ലകളിലോ ദൂരസ്ഥലങ്ങളിലോ ജോലിക്ക് പോയ ആരെങ്കിലും വീട്ടിലില്ലെന്ന കാരണത്താൽ അവർക്കും ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാസ്സ്പോർട്ട് നിഷേധിക്കപ്പെടുകയാണ്. ഇത്തരം സംഭവങ്ങളിൽ യഥാർത്ഥ നിജസ്ഥിതി റിപ്പോർട്ട് ചെയ്ത് ഇവർക്കെല്ലാം പാസ്സ്പോർട്ട് ലഭ്യമാക്കാനുള്ള സാഹചര്യം ഉണ്ടാകേണ്ടതുണ്ട്. നമ്മുടെ

പോലീസ് സ്റ്റേഷനുകളിൽ പാസ്പോർട്ട് വെരിഫിക്കേഷനുവേണ്ടി മാത്രം പ്രത്യേകം ജീവനക്കാരെ നിയമിക്കുകയും അവർക്ക് ഓൺലൈൻ പരിശീലനമുൾപ്പെടെ നൽകുകയും ചെയ്യേണ്ടതാണ്. പോലീസ് വെരിഫിക്കേഷൻ ലഭിക്കാൻ കാലതാമസം വന്നതുമൂലം മലപ്പുറം പാസ്പോർട്ട് ഓഫീസ് ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്തെ വിവിധ പാസ്പോർട്ട് ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം പാസ്പോർട്ട് വിതരണം ചെയ്യാൻ സംവിധാനമുണ്ടാക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ.രമേശ് ചെന്നിത്തല</u>): സർ, സേവനാവകാശ നിയമപ്രകാരം ഒരു അപേക്ഷയിന്മേൽ വെരിഫിക്കേഷൻ നടത്തി 20 ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകുകയെന്നുള്ളതാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ള സമയപരിധി. ശ്രീ. പി. ഉബൈദുള്ള എം.എൽ.എ. ഇവിടെ ഉന്നയിച്ച ആവശ്യം വളരെ ന്യായമാണ്. ഇന്ന് പ്രായോഗികമായ ചില പ്രശ്നങ്ങളാണ് പാസ്പോർട്ട് സമയബന്ധിതമായി നൽകാൻ കഴിയാതെ വരുന്നതിനുള്ള കാലതാമസം. പാസ്പോർട്ട് ഓഫീസിൽ നിന്നും ജില്ലാ സ്പെഷ്യൽ ബ്രാഞ്ച്

ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ പതിച്ച് 7 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശത്തോടുകൂടി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ. മാർക്ക് അയച്ച് വെരിഫിക്കേഷൻ നടത്തിയശേഷം ഡേറ്റാ എൻട്രി തുടങ്ങിയ നടപടികൾ പൂർത്തിയാക്കി ഓൺലൈൻ വഴിയും കൂടാതെ അതിന്റെ ഹാർഡ് കോപ്പി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പി. ഒപ്പിട്ട് ബണ്ടിലുകളായി തപാലിലും പാസ്പോർട്ട് ആഫീസുകളിലും അയയ്ക്കുകയാണ് ചെയ്തു വരുന്നത്. ഇതാണ് അതിന്റെ നടപടിക്രമം. ഈ നടപടികളോടൊപ്പം അപേക്ഷയുടെ ഒരു പകർപ്പ് ഡി.സി.ആർ.ബി-യിൽ അയച്ച് അപേക്ഷകൻ ഏതെങ്കിലും കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. മേൽപ്പറഞ്ഞ നടപടികൾ പൂർത്തിയാക്കി നിർദ്ദിഷ്ട സമയത്തിനുള്ളിൽത്തന്നെ വെരിഫിക്കേഷൻ റിപ്പോർട്ട് പാസ്പോർട്ട് ഓഫീസുകളിലേയ്ക്ക് അയച്ച് വരികയാണ്. ക്രൈം കേസ് നിലവിലുള്ള അപേക്ഷകരുടെ കാര്യത്തിൽ കൂടുതൽ വിശദമായ അന്വേഷണം നടത്തിവരുന്നുണ്ട്. അപേക്ഷയിൽ പറയുന്ന മേൽവിലാസത്തിൽ നിന്ന് മാറി താമസിക്കുന്നപക്ഷം അപേക്ഷകരെ കണ്ടെത്തുന്നതിനുള്ള കാലതാമസമാണ് പലപ്പോഴും ഒരു പ്രശ്നമായി വരുന്നത്. അപേക്ഷയോടൊപ്പമുള്ള

അനുബന്ധ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ആഫീസുകളിൽ നിന്നും വെരിഫൈ ചെയ്തു കിട്ടുന്നതിലുള്ള താലതാമസം, അപേക്ഷകർ ശരിയായ മേൽവിലാസം നൽകാതിരിക്കുക, നൽകിയ അഡ്രസ്സിൽ നിന്നും മാറി താമസിക്കുക എന്നീ സാങ്കേതിക കാരണങ്ങളാലാണ് ചില അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന് കാരണം. കേരളത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള ജില്ലയാണ് മലപ്പുറം. മലപ്പുറം ജില്ലയിൽ 2015-ൽ ആകെ വെരിഫിക്കേഷൻ ലഭിച്ചത് 71,796 അപേക്ഷകളാണ്. മലപ്പുറം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പാസ്പോർട്ട് അപേക്ഷകൾ ലഭിച്ചിട്ടുള്ളത് ഭൂവിസ്തൃതിയിൽ മലപ്പുറത്തിനോടടുത്ത് വലിപ്പമുള്ള പാലക്കാട് ജില്ലയിലാണ്. 2015-ൽ പാലക്കാട് ജില്ലയിൽ ആകെ 29,499 പാസ്പോർട്ട് അപേക്ഷകളാണ് ലഭിച്ചത്. പാലക്കാട് ജില്ലയെ അപേക്ഷിച്ച് മലപ്പുറം ജില്ലയിലെ പാസ്പോർട്ട് അപേക്ഷകളുടെ എണ്ണം ഇരട്ടിയിലേറെയാണ്. എന്നിരുന്നാലും മലപ്പുറം ജില്ലയിൽ ലഭിച്ച 71,796 അപേക്ഷകളിൽ 53,184 അപേക്ഷകൾ വെരിഫിക്കേഷൻ പൂർത്തിയാക്കി റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. ബാക്കിയുള്ള 19,612 അപേക്ഷകളിൽ സമയബന്ധിതമായി വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കാനുള്ള സത്വര നടപടികൾ കൈക്കൊള്ളുന്നതാണ്. ഈ കാലതാമസം എന്തായാലും ഒഴിവാക്കണം. വിദേശ

രാജ്യങ്ങളിൽ ജോലി തേടി പോകാൻ ആഗ്രഹിക്കുന്ന ചെറുപ്പക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ട് വൈകാതെ പാസ്പോർട്ട് വെരിഫിക്കേഷൻ നടത്തി അതിന്റെ റിപ്പോർട്ട് നൽകുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് കൊടുത്തിട്ടുണ്ട്. പത്തൊമ്പതിനായിരത്തിൽ ചില്വാനം അപേക്ഷകൾ പെന്റിംഗുള്ള മലപ്പുറം ജില്ലയിൽ വളരെ വേഗതയിൽ അത് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ദുരൂഹ സാഹചര്യത്തിൽ ഇറാനിയൻ പത്തേമാരി പിടിച്ചെടുത്തത് സംബന്ധിച്ച്

ശ്രീ. അൻവർ സാദത്ത് : സർ, ഇന്ത്യൻ സമുദ്രാതിർത്തിക്കുള്ളിൽ ആലപ്പുഴയിൽ നിന്നും 100 കിലോമീറ്റർ പുറംകടലിൽ വച്ച് ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ നേതൃത്വത്തിൽ സംശയകരമായ സാഹചര്യത്തിൽ ഇറാനിയൻ പത്തേമാരി പിടിച്ചെടുക്കുകയും അതിനുള്ളിൽ നിന്നും 12 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇറാനിലുള്ളവരും അതുപോലെ പാകിസ്ഥാൻ തിരിച്ചറിയൽ രേഖകളുള്ള ഇറാൻ അതിർത്തിയിൽപ്പെട്ട പാക് പ്രവിശ്യയായ ബലൂചിസ്ഥാനിലുള്ള രണ്ടുപേരും ഇവരിൽ ഉൾപ്പെടുന്നു. കടൽ വഴിയുള്ള തീവ്രവാദ ശ്രമം ശക്തിപ്പെട്ടുവരുന്നതായുള്ള സൂചനകൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പലപ്പോഴും വെളിപ്പെടുത്തുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ ഈ കപ്പലിനെക്കുറിച്ചും അതിനുള്ളിലെ

പിടിക്കപ്പെട്ടവരെക്കുറിച്ചും ജനങ്ങൾക്ക് വളരെ അധികം സംശയവും ഭീതിയുമുണ്ടായിരിക്കുകയാണ്. ഈ വിഷയത്തെ സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുവാൻ ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, അത്യന്തം എല്ലാ മാധ്യമങ്ങളിലൂടെയും അതോടൊപ്പംതന്നെ പൊതു സമൂഹത്തിന്റെയും ശ്രദ്ധയിൽ വളരെയേറെ വന്നിട്ടുള്ള ഒരു വിഷയമാണ് ഇറാനിയൻ പത്തേമാരി പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട ഈ വിഷയം. ശ്രീ. അൻവർ സാദത്ത് ഇവിടെ സൂചിപ്പിച്ചതുപോലെ കടൽ കടന്നുള്ള തീവ്രവാദം ശക്തമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. 26-6-2015 മുതൽ കേരള തീരത്ത് സംശയാസ്പദമായ നിലയിൽ ചില തുറയവാർത്താ വിനിമയ സംവിധാനത്തിന്റെ പ്രവർത്തനം നടക്കുന്നതായി Multi-Access Centre (M.A.C) & Research and Analysis Wing (RAW) എന്നിവയുടെ ആവർത്തിച്ചുള്ള മുന്നറിയിപ്പുകൾ കേരള ഇന്റലിജൻസിന് ലഭിക്കുകയുണ്ടായി. സംസ്ഥാന ഇന്റലിജൻസ് മേധാവിക്കു ലഭിച്ച പ്രസ്തുത മുന്നറിയിപ്പുകൾ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് തീരസംരക്ഷണം കോസ്റ്റൽ സർവ്വീസിന് കൈമാറുകയും സംശയകരമായി

പ്രവർത്തനം നടക്കുന്ന രേഖാംശം അക്ഷാംശം സ്ഥിരീകരിക്കുന്നതിനായി ജാഗ്രത പുലർത്തുന്നതിന് നിർദ്ദേശിക്കുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തീര സംരക്ഷണ സേന നടത്തിയ നിരീക്ഷണത്തിൽ 09 DEG 620 N, 075 DEG 25.30 E, 246 Alleppy LT 58.5 NM എന്ന സ്ഥാനത്ത് 12 പേരടങ്ങുന്ന "എഫ്.ഇ. ബറൂക്ക" എന്ന പേരിൽ ഒരു മത്സ്യബന്ധന ബോട്ട് കണ്ടെത്തുകയും ചെയ്തു. ബോട്ടിലുണ്ടായിരുന്ന ഏഴ് പേർ ഇറാൻ പൗരത്വമുള്ളവരും അഞ്ചുപേർ **ബലൂചി**സ്ഥാൻകാരുമാണെന്ന് പ്രാഥമിക ചോദ്യം ചെയ്യലിൽ വ്യക്തമാക്കപ്പെടുകയുണ്ടായി. പ്രസ്തുത ബോട്ട് പിടിച്ചെടുക്കുകയും വിഴിഞ്ഞം തുറമുഖത്ത് അടുപ്പിക്കുകയും ചെയ്തു. പിടിച്ചെടുത്ത ബോട്ടും അനുബന്ധ ഉപകരണങ്ങളും പ്രതികളെയും ഉൾപ്പെടെ വിഴിഞ്ഞം പോലീസിന് തുടർ നടപടിക്കായി കൈമാറുകയും ക്രൈംനമ്പർ 947/2015 U/s 3N7 of Maritime Zones of India (Regulation of Fishing by Foreign Vessels) Act, 1981 and Section 3(g) - Suppression of Unlawful Acts against Safety of maritime Navigation and Fixed Platform on Continental Shelf Act, 2002 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. പ്രതികളെ വൈദ്യപരിശോധനയ്ക്കുശേഷം ബഹുമാനപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് താൽക്കാലിക കോടതി നെയ്യാറ്റിൻകര മുമ്പാകെ ഹാജരാക്കുകയുണ്ടായി.

മത്സ്യബന്ധന ബോട്ട് എന്ന് സ്ഥിരീകരിക്കാൻ വേണ്ട സാഹചര്യമില്ല. കാരണം ഈ മത്സ്യബന്ധന ബോട്ടിൽ മത്സ്യവലയോ, പങ്കായങ്ങളോ, മത്സ്യബന്ധനത്തിനാവശ്യമായ ഏതെങ്കിലും ഉപകരണങ്ങളോ ഇല്ലായെന്നുള്ളത് നമ്മൾ നടത്തിയ പരിശോധനയിൽ വ്യക്തമായിട്ടുള്ള കാര്യമാണ്. അതേ സമയം സാറ്റ്ലൈറ്റ് ഫോൺ, ടാബ്ലെറ്റ് കമ്പ്യൂട്ടർ തുടങ്ങിയിട്ടുള്ള അത്യാധുനികമായ ഉപകരണങ്ങളും ഈ ബോട്ടിൽ നിന്നും കണ്ടെത്തുകയുണ്ടായി. അതുപോലെ പാകിസ്ഥാൻ ഐഡന്റിറ്റിയുള്ള ഒരു ഐഡന്റിറ്റി കാർഡും ഇതിൽ നിന്നും ലഭിക്കുകയുണ്ടായി. പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട വിശദമായ ചോദ്യം ചെയ്യൽ നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഇന്റലിജൻസ് ഏജൻസിയും കേരള ഇന്റലിജൻസും സംയുക്തമായി തന്നെ ഇക്കാര്യം സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഡി.ജിപി.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കേസ് എൻ.ഐ.എ-യെ കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ് ആഭ്യന്തരവകുപ്പ് സെക്രട്ടറി ആവശ്യപ്പെട്ടന്നത്. സംസ്ഥാന ആഭ്യന്തര വകുപ്പ് സെക്രട്ടറി കേന്ദ്ര ആഭ്യന്തര വകുപ്പ് സെക്രട്ടറിക്ക് ഇതുസംബന്ധിച്ചൊരു കത്ത് നൽകിയിട്ടുണ്ട്. അന്തർദേശീയമായ ramifications ഉള്ള ഒരു കേസായതുകൊണ്ടും നമുക്ക് പരിമിതികളുള്ളതുകൊണ്ടും ഒരു നാഷണൽ ഏജൻസിയായ എൻ.ഐ.എ. തന്നെ അന്വേഷിക്കുന്നതാണ് അഭികാമ്യമെന്ന്

കണ്ടെത്തിയതുകൊണ്ടാണ് സംസ്ഥാന ആഭ്യന്തര വകുപ്പ് സെക്രട്ടറി ഇതു സംബന്ധിച്ചൊരു കത്ത് കേന്ദ്ര ആഭ്യന്തര വകുപ്പു സെക്രട്ടറിക്ക് അയച്ചിട്ടുള്ളത്. അതിന്മേൽ തീരുമാനമൊന്നും ആയിട്ടില്ല. ഏതായാലും ചോദ്യംചെയ്യലും മറ്റ് നിയമ നടപടികളുമായി മുന്നോട്ടുപോകുകയാണ്. നമ്മുടെ തീരദേശത്തെ സുരക്ഷ ഉറപ്പുവരുത്താനാവശ്യമായ എല്ലാ നടപടികളും കോസ്റ്റ് ഗാർഡിന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. കൂടുതൽ കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചും കോസ്റ്റ് ഗാർഡുകളെ നിയോഗിച്ചും തീരസംരക്ഷണം അതിർത്തി സംരക്ഷണം പോലെതന്നെ പ്രധാനപ്പെട്ട ഒരു ചുമതലയായി ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. ഇതിന് കേന്ദ്ര സഹായവും ലഭ്യമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കൂടുതൽ പോലീസ് സ്റ്റേഷനുകളും കോസ്റ്റൽ ഗാർഡുകളും ഇപ്പോൾ സജ്ജമാക്കിയിട്ടുള്ളത്. അതുകൊണ്ടാണ് നമുക്ക് ഇത് കണ്ടെത്താൻ കഴിഞ്ഞത്. ഏതായാലും ശ്രീ. അൻവർ സാദത്ത് ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ തീരപ്രദേശങ്ങളുടെ സുരക്ഷ ഉറപ്പു വരുത്താനാവശ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊണ്ടു വരികയാണ്.

## പേരാമ്പ്ര 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണത്തിലെ കാലതാമസം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, കേരളത്തിലെ വൈദ്യുതി ഉല്പാദന

മേഖലയിൽ ഇടുക്കി കഴിഞ്ഞാൽ രണ്ടാം സ്ഥാനം കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ജലവൈദ്യുത പദ്ധതിക്കാണ്. ആ ജലവൈദ്യുത പദ്ധതി ഉൾപ്പെടെ നിലകൊള്ളുന്ന മണ്ഡലത്തിന്റെ തലസ്ഥാനമാണ് പേരാമ്പ്ര പട്ടണം. പേരാമ്പ്ര പട്ടണത്തിലേക്ക് ഇപ്പോൾ വൈദ്യുതി എത്തുന്നത് കണ്ണൂരിലുള്ള കൊയിലാണ്ടി സബ്സ്റ്റേഷൻ, ചക്കിട്ടപാറ സബ്സ്റ്റേഷൻ, കുറ്റ്യാടി സബ്സ്റ്റേഷൻ, മേപ്പയൂർ സബ്സ്റ്റേഷൻ എന്നിവയിലൂടെയാണ്. പേരാമ്പ്ര കോഴിക്കോട് ജില്ലയിലെ മൂന്നാമത്തെ പട്ടണമാണ്. അവിടെ വൈദ്യുതിയുടെ പ്രശ്നം വളരെ വലുതാണ്. അങ്ങനെയാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 11 കെ.വി. സബ്സ്റ്റേഷൻ അനുവദിക്കുകയും രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്ന് 30 സെന്റ് സ്ഥലം സൗജന്യമായി ലഭിക്കുകയും ചെയ്തത്. ഇന്നലെ ഇതിനെക്കുറിച്ച് ഞാൻ സൂചിപ്പിച്ചിരുന്നു. അവിടെ ഇപ്പോൾ മേപ്പയൂരിൽ നിന്നുള്ള 11 കെ.വി. ലൈനിന്റെ പണി 95 ശതമാനവും പൂർത്തീകരിച്ചു കഴിഞ്ഞു. കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചാൽ ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സെക്ഷൻ ഓഫീസും, സബ്സ്റ്റേഷന്റെ പ്രവർത്തനവും അവിടെ നടത്താൻ സാധിക്കും. 2012-ൽ പൂർത്തീകരിക്കുമെന്നാണ് അന്ന് പറഞ്ഞത്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞത്, 2015 ഡിസംബറിൽ പണി

പൂർത്തീകരിക്കുമെന്നാണ്. 2015-ൽ പണി പൂർത്തീകരിക്കുമെന്നുള്ള കാര്യത്തിൽ ഉറപ്പുണ്ടാക്കണം. കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ടില്ല. ടെണ്ടർചെയ്ത് എക്സസ്സായിട്ടുള്ളത് അംഗീകരിക്കേണ്ടതുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, മേപ്പയ്യൂരിൽനിന്നും 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും 9 കിലോമീറ്റർ ലൈൻ വലിച്ച് പേരാമ്പ്രയിൽ ഒരു 33. കെ.വി. സബ്സ്റ്റേഷനാണ് ഉദ്ദേശിക്കുന്നത്. സ്ഥലം ലഭ്യമായെങ്കിലും ലൈൻ വലിക്കാനുള്ള സ്ഥലം സംബന്ധിച്ച് തർക്കം വന്നതാണ് ഇതിനുണ്ടായ തടസ്സം. വളരെയധികം പ്രയാസങ്ങൾ വന്നു. എം.എൽ.എ.യും പഞ്ചായത്ത് പ്രസിഡന്റുമുൾപ്പെടെയുള്ളവർ ഇടപെട്ടു. തർക്കങ്ങളെല്ലാം തീർത്ത് 2012 ആകുമ്പോഴേയ്ക്കും ലൈൻ വലിക്കാനുള്ള സ്ഥലമായിരുന്നു. ലൈൻ വലിച്ചുവരുന്ന സമയത്ത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ വഴിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റേണ്ടതിന്റെ പേരിൽ വീണ്ടും തടസ്സം വരികയും സമയം നീണ്ടുപോകുകയും ചെയ്തു. അതുകഴിഞ്ഞ് above ആയിട്ടായിരുന്നു കോൺട്രാക്ട് നൽകിയത്. റേറ്റ് പുതിയ ഷെഡ്യൂളിലാക്കിത്തരണമെന്ന് കോൺട്രാക്ടർ ആവശ്യപ്പെട്ടപ്പോൾ

അതിന് വീണ്ടും തടസ്സം വന്നു. ഏതായാലും കൺട്രോൾ റൂമിന്റെ ടെണ്ടർ നൽകിക്കഴിഞ്ഞു. ഡിസംബർ എന്നുള്ളത് ആഗസ്റ്റ് പതിനഞ്ചോടുകൂടി ലൈനിന്റെ പ്രവർത്തനം പൂർത്തീകരിക്കാൻ സാധിക്കും. അതുകഴിഞ്ഞാൽ കൺട്രോൾ റൂമിന്റേതാണ്. ടെണ്ടർ ചെയ്തപ്പോൾ വളരെ above ആയി വന്നു. അത് നൽകാൻ നിവൃത്തിയില്ലാത്തതുകൊണ്ട് റീ-ടെണ്ടർ ചെയ്യേണ്ടിവന്നു. അത് റീ-ടെണ്ടർ ചെയ്തുകഴിഞ്ഞു. ഞാൻ ഡിസംബർ എന്നുപറഞ്ഞത് 2015 അല്ല, 2016 ഡിസംബർ ആണ്. പക്ഷേ എത്ര താമസിച്ചാലും 2016 മാർച്ച് 31-നുമുമ്പ് പൂർത്തീകരിക്കാൻ സാധിക്കും എന്നുള്ളതാണ്.

<u>സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിക്കൽ</u>

<u>ശ്രീ. റ്റി. യു. കുരുവിള</u>: സർ, കോതമംഗലം ഫോറസ്റ്റ് തടി ഡിപ്പോ ബി.റ്റി. ആർ. അനുസരിച്ച് പുറമ്പോക്കാണ്. അതിനാൽ 07.09.2013-ലെ സർക്കാർ ഉത്തരവനുസരിച്ച് ഫോറസ്റ്റിനാവശ്യമായ സ്ഥലം വിട്ടുകൊടുത്ത് ബാക്കിസ്ഥലം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുവാനും 75 സെന്റ് സ്ഥലം മുനിസിപ്പാലിറ്റിക്ക് പൊതുആവശ്യത്തിനായി വിട്ടുകൊടുക്കുവാനുമാവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതിനെതിരെ ഗ്രീൻ ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിരിക്കുകയാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഈ

ഓർഡറിനെതിരായിട്ടാണ് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇത് ഗവൺമെന്റ് ഉത്തരവിനെതിരായി വരുന്നതിനാൽ ഗവൺമെന്റ് ഉത്തരവ് നടപ്പിലാക്കുന്നതിനായി റവന്യൂ, ഫോറസ്റ്റ് എന്നീ രണ്ട് ഡിപ്പാർട്ടുമെന്റുകളുടേയും സ്റ്റേറ്റ്മെന്റ് സംയുക്തമാക്കി ലാ ഡിപ്പാർട്ടുമെന്റുവഴി സബ്മിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് പറയാനുള്ളത്. ഗവൺമെന്റ് ഉത്തരവിനെതിരായാണ് വനം വകുപ്പ് സ്റ്റേറ്റ്മെന്റ് കൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നതെന്നാണ് അറിയുന്നത്. അതിനാൽ രണ്ട് ഡിപ്പാർട്ടുമെന്റുകളും സംയുക്തമായി തീരുമാനമെടുത്ത് ലാ ഡിപ്പാർട്ടുമെന്റ് മുഖേന ഗവൺമെന്റിനുവേണ്ടി സമർപ്പിക്കണമെന്നാണ് അപേക്ഷിക്കുവാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കോതമംഗലം മുനിസിപ്പാലിറ്റിയുടെ വികസനോന്മുഖമായ പ്രവർത്തനങ്ങളുടെ ആവശ്യാർത്ഥം നിലവിൽ വനം വകുപ്പിന്റെ കൈവശത്തിലുള്ളതും റവന്യൂ രേഖകളിൽ റവന്യൂ പുറമ്പോക്ക് എന്നുരേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് ഈ വകുപ്പിൽനിന്നും ആർ.ടി. നം. 4927/13, തീയതി 07.09.2013-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും പ്രസ്തുത ഭൂമി

വിട്ടുനൽകുവാൻ വനം വകുപ്പ് വിസമ്മതം പ്രകടിപ്പിക്കുന്ന സാഹചര്യത്തിൽ ആയത് പ്രാവർത്തികമാക്കുവാനായിട്ടില്ല. ടി വിഷയത്തിൽ നാഷണൽ ഗ്രീൻ ട്രിബ്യൂണൽ മുമ്പാകെ നിലവിലിരിക്കുന്ന കേസിലെ ഇടക്കാല ഉത്തരവനുസരിച്ച് മേൽ സർക്കാർ ഉത്തരവ് ബഹുമാനപ്പെട്ട ട്രിബ്യൂണൽ സ്റ്റേ ചെയ്തിട്ടുണ്ട്. ട്രിബ്യൂണൽ മുമ്പാകെ നിലവിലുള്ള ഒ.എ. 214/2014 എന്ന കേസ്സിൽ പരാതിക്കാരനായ എം.ജി. ബേബി എന്ന ആൾ വനംവകുപ്പുമായി ചേർന്ന് പൊതുകാര്യ വിവരണ പത്രിക ഫയൽ ചെയ്യുവാനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. ഇക്കാര്യത്തിൽ ഭൂമിയെ സംബന്ധിച്ച് വനം വകുപ്പുമായി നിലനിൽക്കുന്ന തർക്കം ആത്യന്തികമായി പരാതിക്കാരന് അനുകൂലമായ സ്ഥിതിവിശേഷം ഗ്രീൻ ട്രിബ്യൂണൽ കേസ്സിൽ സംജാതമാക്കുമെന്ന സ്ഥിതിവിശേഷം കണക്കിലെടുത്ത് വനംവകുപ്പുമായി നീക്കുപോക്ക് നടത്തി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അനുവർത്തിച്ചുവരികയാണ്. നഗരഹൃദയത്തിൽ സ്ഥിതിചെയ്യുന്ന തടി ഡിപ്പോ മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം വളരെ നാളുകളായി ഇക്കാര്യവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തുകയും ഈ ആവശ്യം നേടിയെടുക്കുന്നതിനുവേണ്ടി

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പല മീറ്റിംഗുകളും നടത്തിയിട്ടുള്ളതുമാണ്. വനം വകുപ്പുമായി ബന്ധപ്പെട്ട്, നീതിപൂർവ്വമായി കോതമംഗലം മുനിസിപ്പാലിറ്റിക്ക് ഈ ഭൂമി വിട്ടുകൊടുക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു അഫിഡവിറ്റ് ഫയൽ ചെയ്യുന്ന കാര്യത്തെക്കുറിച്ചാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. തീർച്ചയായും അത് ന്യായമായ ഒരു കാര്യമാണെന്നുതന്നെയാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്. അക്കാര്യത്തിൽ വനം വകുപ്പുമായി ബന്ധപ്പെട്ട് അതിന്റെ നടപടികൾ നിയമ വകുപ്പ് സെക്രട്ടറിയുമായി ചർച്ച ചെയ്ത് അതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

## കയ്പമംഗലം തീരദേശമേഖല സംരക്ഷിക്കൽ

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കയ്പമംഗലം മണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളും തീരദേശ പഞ്ചായത്തുകളാണ്. ഈ സബ്മിഷനിലൂടെ കയ്പമംഗലം പഞ്ചായത്തിലെ വിഷയം മാത്രമല്ല ഉന്നയിക്കുന്നത്. തീരദേശ മേഖലയിലെ എല്ലാ എം.എൽ.എ.മാരേയും ബാധിക്കുന്ന പ്രശ്നമാണ്. തൃശ്ശൂർ ജില്ലയുൾപ്പെടെയുള്ള എല്ലാ കടലോര മണ്ഡലങ്ങളിലേയും എം.എൽ.എ.മാരെ ബാധിക്കുന്ന വിഷയമാണ്. തീരപ്രദേശത്ത് കടൽഭിത്തിയുമായി ബന്ധപ്പെട്ട

പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് മുഖ്യമന്ത്രി മീറ്റിംഗ് വിളിക്കുകയുണ്ടായി. സുനാമി വന്ന സമയത്ത് എന്റെ മണ്ഡലത്തിലെ മിക്കവാറും എല്ലാ പ്രദേശങ്ങളിലും അതിരൂക്ഷമായ കടലാക്രമണം ഉണ്ടാവുകയും കടൽഭിത്തികളിൽ പലതും തകർന്നുപോകുകയും ചെയ്തു. 35, 40 വർഷം മുമ്പ് നിർമ്മിച്ച കടൽഭിത്തികളിൽ പലതും രൂക്ഷമായ കടലാക്രമണത്തെത്തുടർന്ന് തകർന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കുറെ കാലങ്ങളായി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് കടൽഭിത്തി റിപ്പയർ ചെയ്യുന്നതിനുള്ള ഒരു സംവിധാനവും ഏർപ്പെടുത്തുന്നില്ലായെന്നുമാത്രമല്ല തുക അനുവദിക്കുന്നുമില്ല. മാത്രമല്ല കഴിഞ്ഞ കുറെയേറെ വർഷങ്ങളായി കടൽഭിത്തി തകർന്ന് അവിടെ താമസിക്കുന്ന നൂറുകണക്കിന് മത്സ്യത്തൊഴിലാളികളുടെ വീടുകൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾ ഇതിനെക്കുറിച്ച് പരാതി പറയുമ്പോൾ നമ്മൾ അവർക്ക് ധാരാളം വാഗ്ദാനങ്ങൾ നൽകുമെന്നല്ലാതെ ഇതിന് ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതിനായി ഒന്നും ചെയ്യാൻ കഴിയുന്നില്ല. ഭരണകക്ഷിയാണെങ്കിലും, പ്രതിപക്ഷത്തിരിക്കുന്നവരായാലും സ്ഥിതി ഇതുതന്നെയാണ്. പലപ്പോഴും ജനപ്രതിനിധികൾക്ക് അവരോട് ഒരു വാക്കുപോലും സംസാരിക്കാൻ പറ്റാത്ത

വിധത്തിൽ ജനങ്ങൾ വലിയ പ്രതിഷേധത്തിലാണ്. കടൽഭിത്തി തകർത്ത് തിരമാല കയറി വീട് തകരാതിരിക്കാൻവേണ്ടി വീടുകൾക്കുസമീപം കുറച്ച് കല്ലുകളിട്ട് സംരക്ഷിക്കുന്ന പരിപാടിയാണ് കഴിഞ്ഞ കുറച്ചുകാലങ്ങളായി ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് ശാശ്വതമായ നടപടിയല്ല. അടുത്ത വർഷം വീണ്ടും ഇത് ആവർത്തിക്കുകയാണ്. അങ്ങനെ ഓരോ കൊല്ലവും ഒരു കോടിയോളം രൂപ ചെലവാക്കിക്കൊണ്ടിരിക്കുകയാണ്. ശാശ്വതമായ പരിഹാരം പുലിമുട്ട് നിർമ്മിക്കുക എന്നുള്ളതാണ്. പുലിമുട്ട് നിർമ്മിക്കാൻ വേണ്ടിയുള്ള പഠനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്ന് മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ പറഞ്ഞു. പഠനം നടത്തിക്കഴിഞ്ഞ് റിപ്പോർട്ട് കിട്ടുമ്പോഴേക്കും കടൽത്തീരത്ത് ഒരു വീടുപോലും ഉണ്ടാകില്ല. ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്.

മി. സ്പീക്കർ: സബ്മിഷനുകൾ അവതരിപ്പിക്കുന്നത് രണ്ട് മിനിറ്റിൽ കൂടുതലെടുക്കാൻ പാടില്ലെന്ന് കാര്യോപദേശക സമിതിയിൽ ഒരു ധാരണയിലെത്തിയിട്ടുണ്ട്. അതനുസരിച്ച് തയ്യാറായി വരണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, രണ്ട് മിനിറ്റ് സമയമേ എടുക്കുകയുള്ളൂ. അതുകൊണ്ട് അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ

കയ്പമംഗലം മണ്ഡലത്തിലെ 7 പഞ്ചായത്തുകളേയും ബാധിക്കുന്ന...... അവിടെയുള്ള കടൽഭിത്തികളുടെ റിപ്പയറിംഗ് നടത്താനും ഇല്ലാത്ത സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കാനുള്ള നടപടികളുണ്ടാകണം. പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുമുള്ള 5 സ്പോട്ടുകൾ തയ്യാറാക്കിക്കൊടുത്തിട്ടുണ്ട്, ശാശ്വതമായ പരിഹാരം എന്നുള്ള നിലയിൽ പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളുണ്ടാകണം. അതോടൊപ്പം അടിയന്തരമായി ചെയ്യേണ്ട പ്രവൃത്തി എന്നുള്ള നിലയിൽ..... ഒരു കോടിയിലധികം രൂപയുടെ എസ്റ്റിമേറ്റ് കൊടുത്തിരുന്നു. ആകെ പത്ത് ലക്ഷം രൂപയാണ് തീരപ്രദേശങ്ങൾക്കെല്ലാംകൂടി അനുവദിച്ചിരിക്കുന്നത്. ആകെ 35 ലക്ഷം രൂപയാണ് തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനായി അനുവദിച്ചിരിക്കുന്നത്. ഈ തുക ഉപേയോഗിച്ച് കേരളത്തിലെ തീരപ്രദേശങ്ങൾ സംരക്ഷിക്കാൻ കഴിയുമോ; അതുകൊണ്ട് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് പ്രത്യേക ഹെഡ്ഡിൽ പണം വകയിരുത്തി അടിയന്തരമായി കടൽഭിത്തികൾ റിപ്പയർ ചെയ്യുന്നതിനുവേണ്ടിയുള്ള പണം അനുവദിക്കണം, ശാശ്വതമായ പരിഹാരത്തിനുവേണ്ടിയുള്ള നടപടികളും അങ്ങ് കൈക്കൊള്ളണം. മുമ്പ് നൽകിയിട്ടുള്ള സബ്മിഷനുകൾക്ക് നൽകിയ അതേ മറുപടി ഇതിനും

നൽകരുത്. നടപടികളുണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കയ്പമംഗലം നിയോജകമണ്ഡലത്തിന്റെ പടിഞ്ഞാറുഭാഗം തീരദേശമേഖലയാണ്. ഈ ഭാഗം രൂക്ഷമായ കടലാക്രമണത്തിന് വിധേയമാകുന്ന പ്രദേശമാണ്. കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും കടൽഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും കേന്ദ്ര സഹായം ലഭിക്കുന്നതിനുമായി പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി 24.4 കോടി രൂപയുടെ എസ്റ്റിമേറ്റ് സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ പണം കുറവായതുകൊണ്ട് കേന്ദ്ര ഏജൻസികളുടെ സഹായം വാങ്ങിയേ ആത്യന്തികമായി ഇത് പരിഹരിക്കാൻ കഴിയൂ എന്നുള്ളതുകൊണ്ടാണ് സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിച്ചത്. കടലാക്രമണഭീഷണി നേരിടുന്ന കയ്പമംഗലം നിയോജകമണ്ഡലത്തിന്റെ തീരദേശമായ അരീക്കോട്, തട്ടുകടവ്, പുലിമുട്ടം, പെരിഞ്ഞനം, കയ്പമംഗലം എന്നീ പ്രദേശങ്ങളുൾപ്പെടെ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ആവശ്യമായ പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് പഠനം നടത്തുന്നതിന് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷന് 42 ലക്ഷം രൂപ അനുവദിച്ചു. അതിന്റെ പഠന റിപ്പോർട്ട്

കിട്ടിയിട്ടില്ല. പതിമൂന്നാം ധനകാര്യ കമ്മീഷൻ മുഖേന തൃശ്ശൂർ ജില്ലയിലെ കടലാക്രമണ പ്രവർത്തനങ്ങൾക്കായി 914 ലക്ഷം രൂപ അനുവദിച്ചു. ഈ പ്രവൃത്തി നടപ്പാക്കിക്കഴിഞ്ഞു. അതായത് 230 മീറ്റർ പുതിയ കടൽഭിത്തി നിർമ്മിക്കുകയും 3230 മീറ്റർ കടൽഭിത്തി പുനർനിർമ്മിക്കുകയും ചെയ്തു. തൃശ്ശൂർ ജില്ലയിൽ ഏര്യാട്, എടവിലക്കാട്, മനക്കക്കടവ്, ലൈറ്റ് ഹൗസിന് സമീപം ഏങ്ങണ്ടിയൂർ, ചേറ്റുവ, ഓക്കാഞ്ചേരി, നാട്ടിക, വാടാനപ്പള്ളി എന്നിവിടങ്ങളിൽ 6 കിലോമീറ്റർ ദൂരം കടലാക്രമണം ഇപ്പോഴുണ്ടായി. ഇതിനിപ്പോൾ 10 ലക്ഷം രൂപ എന്നുള്ളത് വളരെ അപര്യാപ്തമാണെന്നറിയാം. ഏതായാലും അതിനായി 25 ലക്ഷം രൂപ അലോട്ട് ചെയ്യാൻ പറഞ്ഞിട്ടുണ്ട്. ഉള്ള അലോട്ട്മെന്റിൽനിന്നല്ലേ കൊടുക്കാൻ കഴിയൂ. അടിയന്തര കടലാക്രമണ പ്രവൃത്തികൾക്കായി കഴിഞ്ഞ വർഷം 115 ലക്ഷം രൂപ ചെലവഴിച്ചു. കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ പഠനം നടത്തുന്നതിനായി ഐ.ഐ.റ്റി.ക്ക്...... ഐ.ഐ.റ്റി. പഠനം വേഗത്തിൽ പൂർത്തിയാക്കിത്തരുന്നുണ്ട്. അതിനുള്ള ഫണ്ട് ക്യാബിനറ്റിൽ വച്ച് അനുവദിച്ചുനൽകുന്നതാണ്.

മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. പി. തിലോത്തമൻ: സർ, ചേർത്തല മണ്ഡലത്തിലെ മുഹമ്മ കേന്ദ്രമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ആ പഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെ നാലഞ്ച് പഞ്ചായത്തുകളിലെയും ജനങ്ങളുടെ ഒരു അഭയ കേന്ദ്രമാണ്. ആലപ്പുഴ കഴിഞ്ഞാൽ ചേർത്തലയ്ക്കുള്ളിൽ ഏക ആതുരാലയമെന്നുപറയുന്നത് മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ്. ഈ പ്രദേശത്തെ ജനങ്ങളുടെ അഭയകേന്ദ്രമായ പ്രസ്തുത ആശുപത്രി, കഴിഞ്ഞ കുറെ വർഷങ്ങളായി മുമ്പ് പ്രവർത്തിച്ചതുപോലെ പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഒട്ടേറെ പരിമിതികളുണ്ടെങ്കിലും കിടത്തിച്ചികിത്സാ സൗകര്യങ്ങളുള്ള ആശുപത്രിയാണെങ്കിലും കഴിഞ്ഞ മൂന്നുവർഷമായി 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല. ദിവസേന അഞ്ഞൂറിൽപ്പരം രോഗികൾ ഔട്ട് പേഷ്യന്റ്സായി എത്തുന്ന ഈ ആശുപത്രിയിൽ ഈ പരിമിതി വലിയ ഒച്ചപ്പാടിനും ബഹളത്തിനും പ്രക്ഷോഭങ്ങൾക്കുമൊക്കെ വഴിവച്ചിരിക്കുകയാണ്. കഴിഞ്ഞ മൂന്നുവർഷമായി അവിടെ നിരന്തരമായ സമരങ്ങളും പ്രക്ഷോഭങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ഈ വിഷയം സഭയിൽ ഞാൻ ഇതിനുമുമ്പും

ഉന്നയിച്ചപ്പോൾ അവിടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന മുറയ്ക്ക് താലൂക്ക് ആശുപത്രിയായി ഉയർത്തിക്കൊണ്ട് 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്താൻ കഴിയൂ എന്നാണ് ആരോഗ്യ വകുപ്പുമന്ത്രി മറുപടി നൽകിയത്. ആ ആശുപത്രിയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഞങ്ങൾ ഏർപ്പെടുത്തികൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഇനിയെങ്കിലും താമസംകൂടാതെ പ്രസ്തുത ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിക്കൊണ്ട് 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തിക്കൊണ്ടുള്ള സാഹചര്യം മുഹമ്മ കമ്മ്യൂണിറ്റി സെന്ററിൽ ഉണ്ടാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിൽ അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണം 23-ഉം ശരാശരി പ്രതിദിന ഒ.പി. 450-ഉം ഐ.പി. 18-ഉം ആണ്. പ്രസ്തുത ആശുപത്രിയിൽ 5 ഡോക്ടർമാർ ഉൾപ്പെടെ 33 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള 5 തസ്തികകളിലും ഡോക്ടർമാർ സേവനമനുഷ്ഠിച്ചുവരുന്നു. ഇതുകൂടാതെ, എൻ.ആർ.എച്ച്.എം. മുഖേന രണ്ട് ഡോക്ടർമാരുടെയും രണ്ട് സ്റ്റാഫ്

നഴ്സുമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. നിലവിലെ ഒ.പി. പ്രവർത്തനസമയം രാവിലെ 9 മണിമുതൽ ഉച്ചയ്ക്ക് ഒരു മണിവരെയും ഉച്ചയ്ക്കുശേഷം രണ്ടുമണിമുതൽ ഏഴ് മണിവരെയുമാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഐ.പി. വിഭാഗത്തിൽ ഓൺ-കോൾ ഡ്യൂട്ടിക്കായി ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ആശുപത്രിയിൽനിന്ന് 10 കി.മീ. ദൂരപരിധിയിൽ ചേർത്തല താലൂക്ക് ആശുപത്രിയും 12 കി.മീ. ദൂരപരിധിയിൽ ആലപ്പുഴ ജനറൽ ആശുപത്രിയും പ്രവർത്തിച്ചുവരുന്നു. ഈ സാഹചര്യത്തിൽ, പ്രസ്തുത ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തേണ്ടതില്ല എന്നാണ് ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ലഭിച്ച റിപ്പോർട്ട്. ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഒരു ആശുപത്രിയിൽ സ്പെഷ്യാലിറ്റി ചികിത്സാസംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത 154 ആശുപത്രികളിൽ പ്രസ്തുത ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ശിപാർശ സമർപ്പിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ശിപാർശ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.